## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2198 06.10.2016-ലെ മറുപടിക്ക്

### കീക്കൊഴൂർ ഗവൺമെന്റ് ഹൈസ്കൂളിൽ ഹയർ സെക്കണ്ടറി കോഴ്സ് അനുവദിക്കാൻ നടപടി

| ചോദ്യം<br>ശ്രീ. രാജു എബ്രഹാം | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) റാന്നി നിയോജക മണ്ഡലത്തിലെ കീക്കൊഴൂർ ഗവൺമെന്റ് ഹൈസ്കൂളിൽ ഹയർ സെക്കണ്ടറികോഴ്സ് അനുവദിച്ചുകൊണ്ട് എന്നാണ് ഉത്തരവായത്; ഏതൊക്കെ ബാച്ചുകളാണ് ഈ സ്കൂളിൽ അനുവദിച്ചിട്ടുള്ളത്; | (എ) 24.11.2014-ലെ സ.ഉ(കൈ)നം. 247/2014/ പൊവി നമ്പർ ഉത്തരവ് പ്രകാരമാണ് കീക്കൊഴൂർ ഗവൺമെന്റ് ഹൈസ്കൂളിൽ ഹയർ സെക്കന്ററി കോഴ്സ് അനുവദിച്ചത്. കൊമേഴ്സ് (കോഴ്സ് കോഡ് നം.39) ബാച്ചാണ് അനുവദിച്ചത്. |
| (ബി) കോഴ്സ് അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവായി 2 വർഷം കഴിഞ്ഞിട്ടും, ഇതേവരെ ഇവിടെ ഹയർ സെക്കൻഡറി കോഴ്സിൽ പഠനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിന്റെ ഔദ്യോഗിക സൈറ്റിൽ കുട്ടികൾക്ക് ഓൺലൈനായി അപേക്ഷ നൽകുന്നതിനായി ഈ സ്കൂളിന്റെ പേര് ഉൾപ്പെടുത്താതിരുന്നത് എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ; ഇതിന്റെ ഉത്തരവാദിത്തം ആർക്കാണ്; | (സി) 2014-15 അദ്ധ്യയന വർഷം മുതൽ അനുവദിച്ച പ്രസ്തുത ബാച്ച് ടി വർഷം പ്രവർത്തനം ആരംഭിക്കാതിരുന്നതിനാൽ അടുത്ത അദ്ധ്യയന വർഷം മുതൽ ആരംഭിക്കുന്നതിന് സർക്കാരിൽ നിന്നും പ്രവർത്തനാനുമതി നേടേണ്ടിയിരുന്നു. എന്നാൽ ടി പ്രവർത്തനാനുമതി ഇതുവരെയും നേടാത്തതു കൊണ്ടാണ് ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിന്റെ ഔദ്യോഗിക സൈറ്റിൽ കുട്ടികൾക്ക് ഓൺലൈനായി അപേക്ഷ നൽകുന്നതിനായി ഈ സ്കൂളിന്റെ പേര് ഉൾപ്പെടുത്താതിരുന്നത്. സ്കൂളധികൃതരുടെ ഭാഗത്ത് നിന്ന് പഠനം ആരംഭിക്കുന്നതിന് ഗൗരവമായ നടപടികൾ ഉണ്ടായിട്ടില്ലാ എന്നുള്ളതാണ് ഇതിന് കാരണം. |

(ഡി) ഓൺലൈൻ അപേക്ഷ നൽകുന്ന പട്ടികയിൽ ഈ സ്കൂളിനെ ഉൾപെടുത്തണം എന്നാവശ്യപ്പെട്ട് എം.എൽ.എ., ജില്ലാ പഞ്ചായത്തംഗം തുടങ്ങിയവർ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ;

(ഡി) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

(ഇ) ഹയർ സെക്കണ്ടറി കോഴ്സ് ഇല്ലാത്ത പഞ്ചായത്ത് എന്ന നിലയിൽ ചെറുകോൽഗ്രാമപഞ്ചായത്തിൽ അനുവദിച്ച ഈ ഹയർ സെക്കൻഡറി കോഴ്സ് അടുത്ത വർഷമെങ്കിലും ആരംഭിക്കാനും, ഈ വർഷം പ്രവേശന നടപടികളിൽ നിന്ന് ഈ സ്കൂളിനെ ഒഴിവാക്കുന്നതിന് ഒത്താശ ചെയ്ത മുഴുവൻ പേരുടെയും പേരിൽ കർശന വകുപ്പുതല നടപടികൾ സ്വീകരിക്കാനും സർക്കാർ തയ്യാറാകുമോ; ഇതിനായി എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ഇ) ടി സ്കൂളിൽ അടുത്ത അദ്ധ്യയന വർഷം മുതൽ ഹയർ സെക്കന്ററി കോഴ്സ് ആരംഭിക്കുന്നതിനുള്ള സത്വര നടപടികൾ സർക്കാർ എടുത്തു വരുന്നു. ഇക്കാര്യത്തിൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റിന്റെ ഭാഗത്ത് നിന്ന് എന്തെങ്കിലും വീഴ്ച വന്നിട്ടുണ്ടോ എന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.